**File No.TCPCTP/986/2020-D3**

**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- തദ്ദേശ സ്വയംഭരണവകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല -അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് - അയ്യൻകുന്ന് വില്ലേജ് ക്രഷർ യൂണിറ്റ് കെട്ടിട നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/03/2020 ലെ എ 3/1167/2020 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 21/05/2020- ലെ TCPKNR/393/2020-C നമ്പർ കത്ത്.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/986/2020/D3 തീയതി:**11/09/2020**

---

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അയ്യൻകുന്ന് വില്ലേജിൽ റീ സർവ്വേ നമ്പർ 238, 239 എന്നിവയിൽ ഉൾപ്പെടുന്ന 2.8613 ഹെക്ടർ സ്ഥലത്ത് നിലവിൽ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്ന Group-I hazardous occupancy-യിൽ പ്പെട്ട ക്രഷർ യൂണിറ്റിന്റെ അധിക നിർമ്മാണത്തിനുള്ള ( existing floor area- 1190.15m2, proposed floor area- 919.78m2, ie. total floor area- 2109.93m2) അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. മുഹമ്മദ് മുലയിൽ, കണ്ണൂർ ജില്ലാ ബ്ലോക്ക് റോക്ക് ക്രഷേഴ്സ് സാന്റ് മേക്കിംഗ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ചരൾ.പി.ഒ, കണ്ണൂർ-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ NOC/ അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ 2011 ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, വിസ്തൃതി, അളവുകൾ, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും നിർദ്ദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമി ഉൾപ്പെടുന്നതല്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. നിർമ്മാണം കെ.പി.ബി.ആർ നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. നിയമാനുസൃതം അനുമതിയില്ലാതെ പ്ലോട്ടിൽ യാതൊരു ഖനന പ്രവർത്തനങ്ങളും നടത്തരുത്.
5. ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം
6. കട്ടിംഗ്/ ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC വാങ്ങിയിരിക്കണം.
7. കെ.പി.ബി.ആർ 2011 ചട്ടം 61(8) പ്രകാരമുള്ള യൂറിനൽ, കുടി വെള്ള സംവിധാനം എന്നിവ ഏർപ്പെടുത്തിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :76/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**</u>

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by JAYASREE P R
Date: 2020.09.11 11:28:42 IST
Reason: Approved

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 043
തിരുവനന്തപുരം

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. മുഹമ്മദ് മൂലയിൽ, കണ്ണൂർ ജില്ലാ ബ്ലോക്ക് റോക്ക് ക്രഷേഴ്സ് സാന്റ് മേക്കിംഗ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ചരൾ.പി.ഒ, കണ്ണൂർ-670706
2. ടൗൺ പ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr27082020